ദർശനപുണ്യം തേടി ആയിരങ്ങൾ

തിരുവനന്തപുരം: പൊങ്കാല മഹോത്സവത്തിന്റെ അഞ്ചാം ഉത്സവദിവസമായ ഇന്നലെ ആറ്റുകാൽ ദേവീക്ഷേത്രത്തിലേക്ക് ഭക്തരുടെ ഒഴുക്ക് തുടരുന്നു. നിർമ്മാല്യദർശനത്തിനും വൈകിട്ട് ക്ഷേത്രനട തുറന്നപ്പോഴും ക്ഷേത്രസന്നിധി ദേവീ മന്ത്രങ്ങളാൽ മുഖരിതമായി. മണക്കാട് ശ്രീധർമ്മശാസ്താവിന്റെസഹോദരിയാണ് ആറ്റുകാൽ ദേവി എന്നാണ് സങ്കല്പം. ഇന്നലെ വൈകിട്ട് 4.30ന് മണക്കാട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്നുള്ള ഘോഷയാത്ര ആറ്റുകാൽ ക്ഷേത്രത്തിലെത്തി. എന്നാൽ സഹോദരിയെ കാണാതെ ധർമ്മശാസ്താവ് തിരികെ പോകുന്നതായിരുന്നു ക്ഷേത്രത്തിലെ ഇന്നലത്തെ പ്രധാനചടങ്ങ്.

ദേവിയുടെ ചിലമ്പുമായിപോകുന്ന കോവലനെ രാജ്ഞിയുടെ ചിലമ്പ് മോഷ്ടിച്ചെന്ന് മുദ്രകുത്തി പാണ്ഡ്യരാജാവിന്റെ സദസിൽ എത്തിക്കുന്നതായിരുന്നു ഇന്നലത്തെതോറ്റംപാട്ട്. കത്തിയോട്ട വ്രതക്കാർക്കായി ഇന്നലെ ക്ഷേത്രട്രസ്റ്റ് ആത്മീയ ക്ലാസ് സംഘടിപ്പിച്ചു. രാവിലെ 10 മുതൽ 12 വരെയായിരുന്നു ക്ലാസ്. ആദ്യമായാണ് ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റ് കത്തിയോട്ട ബാലന്മാർക്കായി ഇത്തരത്തിൽ ആത്മീയ ക്ലാസ് സംഘടിപ്പിക്കുന്നത്.

ഞായറാഴ്ച ദിവസമായ ഇന്ന് ഭക്തർ കൂട്ടതലെത്തുമെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ. നഗരവീഥികളെല്ലാം പൊങ്കാലയ്ക്ക് ഒരുങ്ങിക്കഴിഞ്ഞു. നാളെ കഴിഞ്ഞാൽ നഗരത്തിലേത്ത് എത്തുന്നവരെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ്സിഡന്റ്സ്അസോസിയേഷനുകളും സന്നദ്ധ സംഘടനകളും.

ആറ്റുകാൽ ക്ഷേത്ര പരിസരത്തെവീട്ടുകള്ളെല്ലാംപതിവായിപൊങ്കാല അർപ്പിക്കാനെത്തുന്നവരെ സ്വീകരിക്കാനുള്ളതയ്യാറെടുപ്പിലാണ്. ഭക്തജനങ്ങൾക്കായി കെ.എസ്.ആർ.ടി.സി കിഴക്കേകോട്ടയിൽ നിന്ന് ചെയിൻ സർവീസ് നടത്തുന്നുണ്ട്. പൊങ്കാല ദിവസമായ ബുധനാഴ്ച പുലർച്ചെ മുതൽ ജില്ലയുടെ വിവിധ ഡിപ്പോകളിൽ നിന്നു ആറ്റുകാലിലേക്ക്കെ.എസ്.ആർ.ടി.സിസ്പെഷ്യൽസർവീസും ഒരുക്കിയിട്ടുണ്ട്. റെയിൽവേ എട്ട് സ്പെഷ്യൽ സർവീസും നടത്തും.

ഒരുക്കങ്ങൾ വിലയിരുത്താൻ കളക്ടറെത്തി

പൊങ്കാല ഒരുക്കങ്ങൾ വിലയിരുത്താൻ കളക്ടർ കെ. വാസുകി ഇന്നലെ ക്ഷേത്രത്തിലെത്തി. ക്ഷേത്ര പരിസരത്തെ കളക്ടറുടെ കൺട്രോൾ റൂമിൽ വാട്ടർഅതോറിറ്റി, ഹെൽത്ത്, പൊലീസ്, നഗരസഭ തുടങ്ങിയ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേർന്നു. ക്ഷേത്രത്തിലെ വെടിമരുന്ന്ശാലയിലും കളക്ടർപരിശോധന നടത്തി. നിയമവിരുദ്ധമായി കതിനകൾ നിറച്ച് സൂക്ഷിക്കരുതെന്ന് കളക്ടർ നിർദ്ദേശം നൽകി.

മൈനർ ഇറിഗേഷൻ വകുപ്പിന്റെ അവശേഷിക്കുന്ന ജോലികൾ ഉടൻ പൂർത്തിയാക്കണമെന്നും കളക്ടർ പറഞ്ഞു. തഹസിൽദാർ ജി.കെ. സുരേഷ് കുമാർ, ആറ്റുകാലിന്റെ താത്കാലിക ചുമതലയുള്ള എക്സിക്യൂട്ടീവ്മജിസ്ട്രേട്ട് സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

ആറ്റുകാൽ ദേവീ ക്ഷേത്രത്തിൽ ദീപാരാധന തൊഴുന്ന ഭക്തർ

ആറ്റുകാൽക്ഷേത്രത്തിൽ ഇന്ന്

രാവിലെ 4.30ന് പള്ളിയുണർത്തൽ, 5ന് നിർമ്മാല്യം, 5.30ന് അഭിഷേകം, 6.05ന് ദീപാരാധന, 7.15ന് കളഭാഭിഷേകം, 8.30ന് പന്തീരടിപൂജ, 11.30ന് ഉച്ചപൂജ, ഉച്ചയ്ക്ക് 12ന് ദീപാരാധന, 12.30ന് ഉച്ചശ്രീബലി, 1ന് നട അടയ്ക്കൽ. വൈകിട്ട് 5ന് നട തുറക്കൽ, 6.45ന് ദീപാരാധന, രാത്രി 7.15ന് ഭഗവതിസേവ, 9ന് അത്താഴപൂജ, 9.15ന് ദീപാരാധന, 9.30ന് അത്താഴശ്രീബലി, 12ന് ദീപാരാധന, 1ന് നട അടയ്ക്കൽ.

സ്റ്റേജ് 1 അംബ

വൈകിട്ട് 5ന് ഭക്തിഗാനമേള, 6ന് ഗാനമേള, 8ന് നൃത്തനൃത്യങ്ങൾ, 9ന് ഗാനമേള

സ്റ്റേജ് 2 അംബിക

രാവിലെ 7ന് ഭജന, 9ന് നൃത്തപരിപാടി, 11ന് ഭക്തിഗാനമേള, വൈകിട്ട് 6ന് തിരുവാതിര, 7ന് ശാസ്ത്രീയനൃത്തം, 10ന് ശാസ്ത്രീയനൃത്തം

സ്റ്റേജ് 3 അംബാലിക

രാവിലെ 8ന് സമ്പ്രദായ ഭജന, 11ന് ഭക്തിഗാനമേള, വൈകിട്ട് 5ന് ഭജന, 6ന് സംഗീതകച്ചേരി, 7ന് ശാസ്ത്രീയനൃത്തം, 8ന് കുച്ചിപ്പുടി, 9ന് ശാസ്ത്രീയനൃത്തം, 10ന് ശാസ്ത്രീയനൃത്തം, 11ന് ഭരതനാട്യ കച്ചേരി

കേരളകൗമുദി - കസവുമാളിക സമ്മാന വിജയികൾ

കേരളകൗമുദിയും കസവുമാളികയും സംയുക്തമായി സംഘടിപ്പിക്കുന്ന ആറ്റുകാൽ സമ്മാനപദ്ധതിയുടെ ഇന്നലത്തെ വിജയികൾ

1. പ്രിയ കെ.എൽ, ശ്രീഗോകുലം, കുളത്തൂർ
2. രമാദേവി. എ, കെ.എസ്.ആർ.എ-73, കാലടി
3. സജ്ജകുമാരി, ഉദയാ ഗാർഡൻസ്, ഉള്ളൂർ
4. ഗീത സി.കെ, ശിവഗംഗ, സൂര്യനഗർ, വട്ടിയൂർക്കാവ്

ഒ.എൻ.വി അനുസ്മരണവും കാവ്യസന്ധ്യയും

തിരുവനന്തപുരം: പുരോഗമന സാംസ്കാരിക വേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 23ന് വൈകിട്ട് 3.30ന് സ്റ്റാച്യൂപൂർണ ഹോട്ടൽ ആഡിറ്റോറിയത്തിൽ വച്ച് ഒ.എൻ.വി അനുസ്മരണവും കാവ്യസന്ധ്യയും നടക്കും.

കാര്യവട്ടം ശ്രീകണ്ഠൻനായർ ഉദ്ഘാടനം ചെയ്യും. ശാസ്താന്തല സഹദേവന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ കെ. എസ്. ഗോപിനാഥൻ നായർ, ഉവനേന്ദ്രൻനായർ, പനവിള രാജശേഖരൻ, ജയശ്രീ ഗോപാലകൃഷ്ണൻ, ശിവദാസൻകുളത്തൂർ, ഗോപാലകൃഷ്ണൻ നായർ എന്നിവർ സംസാരിക്കും.

എൻ.ജി.ഒ യൂണിയൻ സൗത്ത് ജില്ലാ സമ്മേളനം

തിരുവനന്തപുരം: എൻ.ജി.ഒ യൂണിയൻ തിരുവനന്തപുരം സൗത്ത് ജില്ലയുടെ 32ാം വാർഷികം 18,19 തീയതികളിൽ നെടുമങ്ങാട് മുൻസിഷൽ ടൗൺ ഹാളിൽ നടക്കും. നാളെ വൈകിട്ട് 3.30ന് എ. സമ്പത്ത് എം.പി ഉദ്ഘാടനം ചെയ്യും. യൂണിയൻ ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി, സംസ്ഥാന ട്രഷറർ എൻ. നിമിൽരാജ് തുടങ്ങിയവർ പങ്കെടുക്കും. 19ന് ഉച്ചയ്ക്ക് 2ന് നടക്കുന്ന സെമിനാർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി. കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്യും.

കുട്ടിപ്പൊലീസുകാരെ സ്വകാര്യബസിൽ നിന്നു ഇറക്കി വിട്ടു

എസ്.ടി നൽകാൻ ജീവനക്കാർ വിസമ്മതിക്കുന്നതായി പരാതി

ആറ്റിങ്ങൽ: എസ്.പി.സി വിദ്യാർത്ഥികളെ എസ്.ടി നൽകാതെ സ്വകാര്യ ബസിൽ നിന്നും ഇറക്കിവിട്ട് വിവാദമായി. അവനവഞ്ചേരി ഗവ. സ്കൂളിലെ സ്റ്റുഡൻസ് പൊലീസ് കേഡറുകളായ ആറ് കുട്ടികളോടാണ് ഊരുപൊയ്ക്കൂട്ടിൽ ഓടുന്ന ബസ് ജീവനക്കാർ അവകാശ ലംഘനം നടത്തിയത്.

ഇന്നലെ ഉച്ചയ്ക്ക് 12 മണിയോടെയായിരുന്നു സംഭവം. തെരുവു ജംഗ്ഷനിൽ നിന്ന് ബസിൽകയറിയ കേഡറുകളോട് 8 രൂപയുടെ ഫുൾ ടിക്കറ്റ് എടുത്താലേ യാത്ര ചെയ്യാൻ അനുവദിക്കൂ എന്ന് കണ്ടക്ടർ പറഞ്ഞതോടെയാണ് പ്രശ്നം ആരംഭിച്ചത്.

കുട്ടികൾ എസ്.ടിയായ രണ്ടു രൂപയേനൽകൂഎന്ന്വാദിച്ചു. അവർ സർക്കാർ ഓർഡർ കാട്ടിയപ്പോൾ സർക്കാരിനെയും കുട്ടികളേയും അധിക്ഷേപിച്ച് കണ്ടക്ടർ അസഭ്യം പറയുകയും കുട്ടികളെ വഴിയിൽ ഇറക്കിവിടുകയുമായിരുന്നു. ഇവരിൽ ഒരാൾ നാട്ടുകാരിൽ നിന്ന് ഫോൺ വാങ്ങി വീട്ടിലും പൊലീസ് സ്റ്റേഷനിലും അറിയിക്കുകയായിരുന്നു.

ആനുപ്പാറ സ്കൂളിനു സമീപത്താണ് ഇവരെ ഇറക്കിവിട്ടത്. പൊലീസ് സംഘം എത്തി കുട്ടികളെ വീട്ടിലെത്തിച്ചു. തുടർന്ന് ബസ് തിരിച്ചുവന്നപ്പോൾ അവരെകസ്റ്റഡിയിലെടുക്കുകയായിരുന്നു. ഓർഡറിനെ കുറിച്ച് തങ്ങൾക്ക് അറിയില്ലെന്ന് കണ്ടക്ടറും ഡ്രൈവറും പൊലീസിനോട് പറഞ്ഞു.

കണ്ടക്ടറുടെ കൈവശം ലൈസൻസ് ഇല്ലാതിരുന്നതിനാൽ ഫൈൻഈടാക്കിതാക്കീത്നൽകി വിട്ടയച്ചു. ഇത്തരത്തിൽ ഇനി ഏതെങ്കിലും ബസ് ജീവനക്കാർ പെരുമാറിയാൽലൈസൻസ്റദ്ദ ചെയ്യുമെന്ന്പൊലീസ്അറിയിച്ചു.

ഓർഡർ ഇറങ്ങിയതിനെക്കുറിച്ച്പൊലീസും ആർ.ടി.ഒയും ബസ് ജീവനക്കാരെ അറിയിക്കമെന്നും അവർ പറഞ്ഞു.

കേരളത്തിലെ മുഴുവൻ പ്രശ്നമായി ഇത് മാറുകയാണെന്നും ഇതിനെതിരേഎല്ലാവിഭാഗംമേധാവികൾക്കും നിവേദനം നൽകുമെന്നും എസ്.പി.സി ചുമതലയുള്ള അവനവഞ്ചേരിയിലെഅദ്ധ്യാപകൻസാബുനീലകണ്ഠൻപറഞ്ഞു.

പൊങ്കാലയ്ക്കെത്തുന്നവരുടെ കുരുന്നുകൾക്ക് ശിശുക്ഷേമ സമിതി തണലൊരുക്കും

തിരുവനന്തപുരം: ആറ്റുകാലിൽ പൊങ്കാല അർപ്പിക്കാനെത്തുന്നവരുടെ കുട്ടികൾക്ക്തൈക്കാട് സമിതിആസ്ഥാനത്തെ ശിശുസംരക്ഷണ കേന്ദ്രം താമസമൊരുക്കുമെന്ന് ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി എസ്.പി. ദീപക് പറഞ്ഞു.

കുട്ടികൾക്ക് ഭക്ഷണവും നൽകും. സമിതിയുടെ കീഴിൽ സംസ്ഥാനത്ത്പ്രവർത്തിച്ചവരുന്ന കുട്ടികളുടെ അഭയകേന്ദ്രമായ 'തണൽ 1517'-ന്റെ കീഴിലായിരിക്കുമിത്.

പൊങ്കാലത്തലേന്ന്വൈകിട്ട് മുതൽ ആവശ്യക്കാർക്ക് സൗകര്യം പ്രയോജനപ്പെടുത്താം. കുട്ടിയെ അമ്മയുടെ കൈയിൽ മാത്രമേ തിരിച്ച് ഏൽപ്പിക്കുകയുള്ളൂ. സഹായം ആവശ്യമുള്ളവർ സമിതിയിൽ നേരിട്ടോ, ആറ്റുകാൽ ക്ഷേത്രത്തിന് സമീപം പ്രവർത്തിക്കുന്ന തണൽ കേന്ദ്രത്തിലോ അല്ലെങ്കിൽ 9847464613, 9809651000, 0471 2324932, 2324939 എന്നിനമ്പരുകളിലോ ബന്ധപ്പെടണം.

നവോത്ഥാനമൂല്യ സംരക്ഷണ സമിതി ജില്ലാ കമ്മിറ്റി

തിരുവനന്തപുരം : നവോത്ഥാനമൂല്യ സംരക്ഷണ സമിതിയുടെ ജില്ലാകമ്മിറ്റി രൂപീകരണ യോഗം വെള്ളയമ്പലം അനിമേഷൻ ഹാളിൽ ഓർത്തോഡോക്സ് സഭ മെത്രാപ്പൊലീത്ത ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു.

പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അദ്ധ്യക്ഷത വഹിച്ചു. കെ.പി. എം. എസ് സംസ്ഥാന രക്ഷാധികാരിയും നവോത്ഥാന മൂല്യ സംരക്ഷണ സമിതി സംസ്ഥാന ജനറൽ കൺവീനറുമായ പുന്നല ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ ബി. രാഘവൻ എക്സ് എം.എൽ.എ സംസാരിച്ചു. ഉടൻ

ഫാദർ യൂജിൻ പെരേര (ചെയർമാൻ), ആലുവിള അജിത്ത് (കൺവീനർ)

രന്ന് 9 പേരടങ്ങുന്ന ജില്ലാ സെക്രട്ടേറിയറ്റും 25 പേർ അടങ്ങുന്ന ജില്ലാ കമ്മിറ്റിയും രൂപീകരിച്ചു. നവോത്ഥാന മൂല്യ സംരക്ഷണ സമിതി ജില്ലാ ഭാരവാഹികളായി ഫാദർ യൂജിൻ പെരേര (ചെയർമാൻ), ആലംകോട് സുരേന്ദ്രൻ, വള്ളക്കടവ് നസീർ (വൈസ് ചെയർമാൻമാർ), ആലുവിള അജിത്ത് (കൺവീനർ), എം.പി. റസൽ (ട്രഷറർ), അഡ്വ. ആർ. രാജ്കുമാർ, ഡോ. കവിത ശ്രീനിവാസ് (ജോയിന്റ് കൺവീനർമാർ), ആർ. ജയറാം, നെയ്യാറ്റിൻകര സത്യശീലൻ (സെക്രട്ടേറിയറ്റ് അംഗങ്ങൾ) എന്നിവരെയും ജില്ലാകമ്മിറ്റിയിലേക്ക് വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് വി. കമാരപിള്ള, കാച്ചാണി സതീഷ്, ബാബു പാറയിൽ, സുരേഷ് കുമാർ കരിമ്പിൻകാല, വെട്ടുകാട് അശോകൻ, പി. ഗോപി, എഫ്. ജോയ്, ലൈല ചന്ദ്രൻ, ഡോ. എം. അനുജ, മണ്ണുഷ സുരേഷ്, ആനി വേട്ടപള്ളി, സുലഭ ഹെൻഡ്രി വി. ഡേവിഡ്, സ്റ്റാൻലി ജോർജ്, കന്നത്തുറ ഗോപാലകൃഷ്ണൻ, മുരളീധരൻഎന്നിവരെയും തിരഞ്ഞെടുത്തു.

ഡോക്ടർമാർ യഥാർത്ഥ ജനസേവകർ: ഗവർണർ

തിരുവനന്തപുരം: വിശ്രമമില്ലാതെ 24 മണിക്കൂറും ജോലിനോക്കുന്ന ഡോക്ടർമാരാണ് യഥാർത്ഥ ജനസേവകരെന്നും അവരെ വിസ്മരിക്കാൻസമൂഹത്തിന്കഴിയില്ലെന്നും ഗവർണർപി. സദാശിവം പറഞ്ഞു.

മെഡിക്കൽ കോളേജ് അല്മിനി അസോസിയേഷന്റെ വജ്രജൂബിലി സമ്മേളനം മെഡിക്കൽ കോളേജ് അല്മിനി ആഡിറ്റോറിയറ്റിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അല്മിനി അസോസിയേഷന്റെ സേവനങ്ങൾ പ്രശംസനീയമാണ്. പുറ്റിങ്ങൽഅപകടത്തിൽ അവരുടെ സേവനം മാതൃകാപരമാണ്. ഔദ്യോഗിക ജീവിതത്തിൽ അടുത്ത് ഇടപഴകിയിട്ടുള്ളത് ഡോക്ടർമാരുമായിട്ടാണെന്നും ഗവർണർ പറഞ്ഞു. അല്മിനി അസോസിയേഷന്റെ നേതൃത്വത്തിൽ എസ്.എ.ടി ആശുപത്രിയിൽ നവീകരിച്ച ഡോ. ഓമന മാത്യു ഹാൾ മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്തു. മെഡി. കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സർക്കാർ ശ്രമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

ആരോഗ്യ സർവകലാശാല വൈസ്ചാൻസലർഡോ.എം.കെ. സി. നായർ, അല്മിനി അസോസിയേഷൻ പ്രസിഡന്റ്ഡോ.കെ. രാമകൃഷ്ണൻ നായർ, വൈസ്പ്രസിഡന്റ് ഡോ. ജോൺ പണിക്കർ, സെക്രട്ടറി ഡോ.കെ.വി. വിശ്വനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.തോമസ്മാത്യു, ഡോ.കെ. പി. മുരളിക്കുട്ടൻ, ഡോ.കെ. ദിനേശ് എന്നിവർ സംസാരിച്ചു. വൈദ്യശാസ്ത്ര രംഗത്ത്വിലപ്പെട്ട സംഭാവനകൾനൽകിയപൂർവവിദ്യാർത്ഥികളെ ചടങ്ങിൽആദരിച്ചു. ഡോ.ഉഷടൈറ്റസ്, ഡോ. ജയതിലക്, ഡോ. അരുൾആർ.ബി. കൃഷ്ണ, ഡോ. അംബികാതമ്പുജൻ നായർ, ഡോ.കെ. ലളിത, ഡോ.എൻ.എസ്.ഡി. രാജു, ഡോ. ശ്രീജിത്ത് എൻ. കുമാർ, ഡോ. പി. ജി. പോൾ, ഡോ. സന്തോഷ് ജോൺ, ശ്രീചിത്ര ഡയറക്ടർ ഡോ. ആശ കിഷോർ, ആർ.സി.സി ഡയറക്ടർ ഡോ. രേഖ നായർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ്മാത്യു അമേരിക്കയിൽനിന്നുള്ള ഡോ. പിച്ചുമണി, ഡോ. ജേക്കബ്ഈപ്പൻ, ഡോ.ഹരി.പി, യു. കെയിലെ ഡോ. വേണുഗോപാൽ, ഡോ. മുരളിക്കുട്ടൻ, ഡോ. വിനോദ് മേനോൻതുടങ്ങിയവർക്ക്ഗവർണർ ഉപഹാരം സമ്മാനിച്ചു.

ഗ്രാൻഡ് അല്മിനി കൺവെൻഷനിൽ അല്മിനി അവാർഡ് ഡോ. ജേക്കബ് ഈപ്പന് ഗവർണർ പി. സദാശിവം നൽകുന്നു. മന്ത്രി കെ.കെ. ശൈലജ, ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ.എം. കെ.സി നായർ, യു.കെ എ.ടി.എം. ജി പ്രസിഡന്റ് ഡോ. കെ.പി. മുരളികുട്ടൻ, ടി.എം.സി അല്മിനി അസോസിയേഷൻ പ്രസിഡന്റ് ഡോ. കെ. രാമകൃഷ്ണൻ നായർ, വൈസ് പ്രസിഡന്റ്മാരായ ഡോ. സി. ജോൺ പണിക്കർ, ഡോ.കെ. ദിനേശ്, സെക്രട്ടറി ഡോ. കെ.വി . വിശ്വനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ്മാത്യു എന്നിവർ സമീപം

സ്മരണാഞ്ജലി
വേർപാടിന്റെ 8-ാം വർഷം (17.02.2019)

ആർഷ ബൈജു (കുഞ്ഞാറ്റ)
കുഞ്ഞാറ്റ ഭവൻ, കരിക്കകം.
സ്നേഹിച്ച് കൊതിതീരും മുമ്പേ ഞങ്ങളെ വിട്ടുപോയ പൊന്നുമ്മോൾക്ക് നിത്യശാന്തി നേർന്നുകൊണ്ട്,
അച്ഛൻ : ബൈജു (കേരളകൗമുദി), അമ്മ : സിനി,
ദുഃഖിതരായ കുടുംബാംഗങ്ങൾ.
MD

ആറ്റുകാൽ പൊങ്കാല മഹോത്സവം
കേരള കൗമുദിയും
കസവുമാളിക യും
ഹാൻഡ്ലൂംസ് & വെഡ്ഡിംഗ് സെന്റർ
പോത്തീസിനും ജയലക്ഷ്മിയ്ക്കും മദ്ധ്യേ എസ്. എം.വി.സ്കൂളിന് എതിർവശം. തിരുവനന്തപുരം-1
ഫോൺ: 0471-2465336
അതിശയ കുമ്പാരത്ത വിലക്കുറവിൽ ഗുണമേന്മയുള്ള വസ്ത്രങ്ങൾ !
സംയുക്തമായി സംഘടിപ്പിക്കുന്ന
സമ്മാനപദ്ധതി
പേര് .....
വിലാസം .....
Phone .....
ഈ കൂപ്പൺ പൂരിപ്പിച്ച് ആറ്റുകാൽ സ്റ്റാളിലുള്ള കേരളകൗമുദി പവലിയനിലെ ബോക്സിൽ നിക്ഷേപിക്കണം. എല്ലാ ദിവസവും വൈകുന്നേരം 6 മണിക്കാണ് നറുക്കെടുപ്പ്. ദിവസവും 4 പേർക്ക് ആകർഷകമായ സമ്മാനം. സമ്മാനാർഹർ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയുമായി പവലിയനിൽ എത്തി സമ്മാനം കൈപ്പറ്റേണ്ടതാണ്.